7 ലക്ഷം ലിറ്റർ ജലസംഭരണിയുടെ അപ്രോച്ച് റോഡിനുള്ള സ്ഥലം കഴിച്ച് ബാക്കിയുള്ളവ ലഭിച്ചു കഴിഞ്ഞു.

പയ്യന്നൂർ നഗരസഭയിലെ ശുദ്ധ ജലവിതരണ പദ്ധതി

86 [268] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നഗര സഭയിലെ എൽ.ഐ.സി. ധനസഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ എൻജിനിയറിംഗ് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുകയുണ്ടായോ ;

(ബി) എൽ.ഐ.സി.യിൽ നിന്നും ലഭ്യമായ ധനസഹായം വിനിയോഗിച്ച് എത്രയും പെട്ടെന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുവാനും ഈ ശുദ്ധജല വിതരണ പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഗവൺമെന്റ് ധനസഹായം ലഭ്യമാക്കുവാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 1999 ഡിസംബർ മാസത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ പി. എച്ച്. ഡിവിഷൻ തയ്യാറാക്കിയ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. ഇതിൽ എച്ചിലാംവയൽ എന്ന സ്ഥലത്ത് ജലസംഭരണിയുടെ നിർമ്മാണത്തിന് ഉദ്ദേശിച്ചിരുന്ന സൈറ്റ്, സംഭരണിയുടെ സ്ഥാനത്തിന് യോജിച്ചതല്ലെന്ന് കണ്ടതിനാൽ പ്രസ്തുത സംഭരണിക്കായി നെല്ലിയാട്ടുപാറ എന്ന സ്ഥലത്ത് പുതിയ സൈറ്റ് കണ്ടെത്തുകയും അതിൻ പ്രകാരം പുതിയ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. സംഭരണിക്കായി തിരഞ്ഞെടുത്ത രണ്ടു സൈറ്റുകൾ തമ്മിൽ എലിവേഷനിൽ വ്യത്യാസം വന്നതിനാൽ പദ്ധതി റീ-ഡിസൈൻ ചെയ്യേണ്ടതായി വന്നു. ഈ പദ്ധതിക്കായി പ്രതിദിനം 13 ദശലക്ഷം ലിറ്റർ ജലമാണ് വേണ്ടത്. ഇതിന് സ്രോതസ്സ് നിശ്ചയിച്ചിട്ടില്ല.

കാസർകോട്ടെ ബാവിക്കര റഗുലേറ്ററിന്റെ പണി

87 [269] *ശ്രീ. സി. ടി. അഹമ്മദ് അലി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട്ടെ ബാവിക്കര റഗുലേറ്ററിന്റെ പണി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പണി പൂർത്തീകരിക്കുമ്പോൾ എന്ത് തുക ചെലവാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാവിക്കര റഗുലേറ്ററിന്റെ പ്രവൃത്തിക്ക് 5-7-2005-ന് മുമ്പായി എഗ്രിമെന്റ് വെയ്ക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ എഗ്രിമെന്റ് വെയ്ക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(ബി) എഗ്രിമെന്റ് വെയ്ക്കുന്ന മുറയ്ക്ക് 20 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് ഇപ്പോഴത്തെ കണക്ക് പ്രകാരം 391.29 ലക്ഷം രൂപ ചെലവാകും.

വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനം

88 [270] *ശ്രീ. കെ. പി. രാജേന്ദ്രൻ :*

" *പി. എസ്. സുപാൽ :*

" *മാങ്കോട് രാധാകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെള്ളത്തിന്റെ വില വർദ്ധിപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റി വിവിധ മേഖലകളിൽ വിതരണം നടത്തുന്ന വെള്ളത്തിന് ഈടാക്കുന്ന വില എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) വെള്ളത്തിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയോ മറ്റേതെങ്കിലും കൺസൾട്ടൻസി സ്ഥാപനങ്ങളുടെയോ ശുപാർശകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളം വിതരണം ചെയ്ത വകയിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള തുക എത്ര വീതം ;

(ഇ) ജലവിതരണത്തിന് ഇന്നുള്ള രീതി മാറ്റി പുതിയ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എഫ്) കച്ചവടാടിസ്ഥാനത്തിൽ വെള്ളം നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റി പരിഗണിച്ചുവരുന്നുണ്ടോ ; എങ്കിൽ അത് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly